**റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് (ആർ. പി. എൽ.)**

കുളത്തൂപ്പുഴ എസ്റ്റേറ്റ്

ടെണ്ടർ നോട്ടീസ്

ആർ.പി.എൽ വക കുളത്തൂപ്പുഴ എസ്റ്റേറ്റിലേക്കു വിവിധ കളക്ടിംഗ് സ്റ്റേഷനിൽ ശേഖരിച്ചു വക്കുന്ന റബ്ബർ ലാറ്റക്സ് വാഹനത്തിൽ കയറ്റി കമ്പനിയുടെ കുളത്തൂപ്പുഴ എസ്റ്റേറ്റ്, അഭയഗിരി ഫാക്ടറിയിൽ എത്തിക്കുന്നതിനായി ഗുഡ്സ് പെർമിറ്റ് ഉള്ള രണ്ട് ടാങ്കർ ലോറികൾ 9000 ലിറ്റർ കുറയാതെ ശേഷി ഉള്ളത് ആറ് മാസത്തേക്ക് (2024 ഓഗസ്റ്റ് മുതൽ 2025 ജനുവരി വരെ) വാടകയ്ക്ക് നൽകുന്നതിനുള്ള ടെണ്ടറുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചു കൊള്ളുന്നു.

**ടെണ്ടർ നിബന്ധനകൾ**

1. രാവിലെ റബ്ബർ മരങ്ങളുടെ ടാപ്പിംഗ് കഴിഞ്ഞതിനു ശേഷം കളക്ടിംഗ് സ്റ്റേഷനുകളിലെ ടാങ്കിൽ ശേഖരിച്ചു വയ്ക്കുന്ന റബ്ബർപാൽ (ലാറ്റക്സ്) അതാതു ദിവസങ്ങളിൽ തന്നെ വിവിധ കളക്ടിംഗ് സ്റ്റേഷനിൽ നിന്നും വാഹനത്തിൽ കയറ്റി അഭയഗിരി ഫാക്ടറിയിൽ എത്തിക്കുന്നതിനുള്ള വാഹനം ഡ്രൈവറോടുകൂടി കരാറുകാരൻ നൽകേണ്ടതാണ്.
2. ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർ/ഡെപ്യൂട്ടി മാനേജർ നിർദ്ദേശപ്രകാരം വേണം റബ്ബർപാൽ (ലാറ്റക്സ്) കളക്ടിംഗ് സ്റ്റേഷനിൽ നിന്നും ശേഖരിച്ച് ഫാക്ടറിയിൽ എത്തിക്കേണ്ടത്
3. ഓരോ മാസത്തിലും വാഹനം ഓടേണ്ടി വരുന്ന ഏകദേശം ദൂരം താഴെ കാണിച്ചിരിക്കുന്നു. വാഹനം ഓടേണ്ട റോഡുകളും റോഡിന്റെ അവസ്ഥയും കരാറുകാരൻ നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതും, ടെണ്ടർ സമർപ്പിച്ചശേഷം ഇതു സംബന്ധിച്ച പരാതികൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്

| Division | ഓടേണ്ട ദൂരം (കിലോമീറ്റർ)<br>ഒരു മാസം ശരാശരി |
|---|---|
| Tanker A | 500 |
| Tanker B | 500 |

മുകളിൽ പറഞ്ഞിരിക്കുന്ന ദൂരത്തിനേക്കാൾ അധികമായി ഓടേണ്ടി വരുന്ന ദൂരത്തിനു കിലോമീറ്റർ ഒന്നിന് എന്ന പ്രകാരം നിരക്ക് കരാറുകാരൻ പ്രത്യേകം ക്വോട്ട് ചെയ്യേണ്ടതാണ്.